(സി) സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർക്കെതിരായി വിജിലൻസ് അന്വേഷണങ്ങൾ ഒന്നും തന്നെ ഇപ്പോൾ നടക്കുന്നില്ല.

(ഡി) & (ഇ) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ വിജിലൻസ് അന്വേഷണങ്ങൾ, കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ, മിന്നൽ പരിശോധന എന്നിവയുടെ 2020 അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

ഇവയിൽ 215 റിപ്പോർട്ടുകൾ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനും 847 റിപ്പോർട്ടുകൾ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും 58 റിപ്പോർട്ടുകൾ സർക്കാരിനു നഷ്ടപ്പെട്ട പണം തിരികെ പിടിക്കുന്നതിനും 50 റിപ്പോർട്ടുകൾ ലോക്കൽ പോലീസിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും 6 റിപ്പോർട്ടുകൾ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിനും 31 റിപ്പോർട്ടുകൾ ട്രിബ്യൂണൽ അന്വേഷണത്തിനും 150 റിപ്പോർട്ടുകൾ വിജിലൻസ് അന്വേഷണത്തിനും 4 റിപ്പോർട്ടുകൾ ആഡിറ്റ് നടത്തുന്നതിനും 13 റിപ്പോർട്ടുകൾ ഉചിതമായ നടപടി സ്വീകരിക്കുന്നതിനും 2 റിപ്പോർട്ടുകൾ സി. ബി. സി. ഐ. ഡി-ക്ക് അന്വേഷണം കൈമാറുന്നതിന് ശുപാർശ ചെയ്തുകൊണ്ടും 844 റിപ്പോർട്ടുകൾ നടപടികൾ ഒന്നും സ്വീകരിക്കേണ്ടതില്ല എന്ന ശുപാർശയോടും കൂടി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

കൂടാതെ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 590 വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 76 കേസുകൾ വകുപ്പുതല നടപടികൾ ശുപാർശ ചെയ്തും 43 കേസുകൾ ട്രിബ്യൂണൽ എൻക്വയറിക്ക് ശുപാർശ ചെയ്തും 378 കേസുകൾ പ്രോസിക്യൂഷന് ശുപാർശ ചെയ്തും 93 കേസുകളിൽ ആരോപണങ്ങൾ തെളിയിക്കപ്പെടാത്തതിനാൽ നടപടികൾ ആവശ്യമില്ല എന്ന് ശുപാർശ ചെയ്തും ലഭിച്ചിട്ടുണ്ട്. ഇതിൻമേൽ സർക്കാർ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അഴിമതി സംബന്ധിച്ച വിജിലൻസ് കേസുകൾ

92 [46] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*
" *ടി. പി. രാമകൃഷ്ണൻ:*
" *പി. സി. ജോർജ്:*

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സ്വയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിക്കുന്നതിനും സർക്കാർ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിവിധ വകുപ്പുകളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര കേസുകളാണ് വിജിലൻസ് കേസെടുക്കുന്നതിനായി റഫർ ചെയ്തിട്ടുള്ളതെന്ന് പറയാമോ;

(സി) ഇതിന്റെയടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് എത്ര വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) റവന്യൂ, ആരോഗ്യം, സിവിൽ സപ്ലൈസ്, പോലീസ് എന്നീ വകുപ്പുകളിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം വല്ലതും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് കേസുകളുടേയും വിജിലൻസ് അന്വേഷണങ്ങളുടേയും അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പിലേക്ക് വ്യാപിപ്പിച്ച് തുടർന്നു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ ലഭിച്ചിട്ടുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരുടെ വിവരം ശേഖരിച്ചു പ്രസ്തുത ഉദ്യോഗസ്ഥൻമാരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിരന്തരം നിരീക്ഷിച്ചു വരുന്നുണ്ട്. വകുപ്പുതല വിജിലൻസ് സെല്ലുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുതല വിജിലൻസ് ആഫീസർമാരുടെയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥരുടെയും ഒരു സംയുക്ത യോഗം 2005 മേയിൽ നടത്തുകയുണ്ടായി.

(ബി) & (സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിവിധ വകുപ്പുകളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly